LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് ജനപങ്കാളിത്ത വന പരിപാലന പദ്ധതിപ്രകാരം രൂപീകരിച്ചിട്ടുള്ള 412 വന സംരക്ഷണ സമിതികളും 193 ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും (പരിസ്ഥിതി വികസന സമിതികളും) പ്രവർത്തിച്ചുവരുന്നു. ഇവയെ വനം ഡിവിഷൻ തലത്തിൽ ഏകോപിപ്പിക്കുന്നതിനായി 34 വന വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. വന വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ സംസ്ഥാന വന വികസന ഏജൻസി ജൂൺ 2010-ൽ നിലവിൽ വന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വനാശ്രിതരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന ഫണ്ട് ബന്ധപ്പെട്ട സമൂഹത്തിലേയ്ക്ക് നേരിട്ടെത്തിക്കാൻ സംസ്ഥാന വന വികസന ഏജൻസി വഴി ലക്ഷ്യമിടുന്നു.

കൂടാതെ വനാശ്രിതരുടെ ജീവനോപാധിക്കായി തടിയിതര വന വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, മൂല്യ വർദ്ധന വിപണനം എന്നീ രംഗങ്ങളിൽ വന സംരക്ഷണ സമിതികൾക്കും, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾക്കും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സേവനങ്ങൾ നൽകുന്നതിലേക്കായി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയായ വനശ്രീ സെൽ വനം വകുപ്പാസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് പ്രകൃതി പഠനത്തിന് നടപടി

117 (4469) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി പഠനം പ്രകൃതിസംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവയിൽ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് അറിവും താൽപ്പര്യവും ഉണ്ടാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) സ്കൂൾ തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പിൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നും ഇല്ലെങ്കിൽ അതിനുള്ള തീരുമാനം കൈക്കൊള്ളുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി പഠനം, പ്രകൃതി സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവയിൽ വിദ്യാർത്ഥികൾക്ക് അറിവും താൽപ്പര്യവും ഉണ്ടാക്കുന്നതിനായി വനം വകുപ്പിന്റെ വന്യജീവി വിഭാഗത്തിന് കീഴിലുള്ള വിവിധ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്. സ്കൂൾ മേലധികാരികൾ മുഖേന വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൻമേൽ വിദ്യാർത്ഥികൾക്ക് സൗജന്യമായാണ് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നത്. പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് വനം സംരക്ഷിക്കുക വനസമ്പത്ത് കാത്ത് സൂക്ഷിക്കുക വന്യജീവികളുടെ

നിലനിൽപ്പിനായി സാങ്ച്വറികൾ സംരക്ഷിക്കുക, ജൈവ സമ്പത്ത് കാത്തുസൂക്ഷിക്കുക, ജൈവ സമ്പത്തിന്റെ ശോഷണം തടയുക എന്നീ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ വനം വകുപ്പിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരായ വ്യക്തികളെ ഉൾക്കൊള്ളിച്ച് നടത്തിവരുന്നു. കൂടാതെ ക്ലാസ്സുകൾ കൂടുതൽ വിശദമാക്കുന്നതിനും എളുപ്പത്തിൽ മനസ്സിലാക്കുന്നതിനുംവേണ്ടി ഫിലിം ഷോ, ഡോക്യുമെന്ററി ഷോ എന്നിവ സംഘടിപ്പിക്കുകയും ബ്രോഷറുകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ വിദ്യാർത്ഥികൾക്ക് പ്രകൃതി പഠന ക്യാമ്പുകളിൽ വിതരണം ചെയ്യുന്നുമുണ്ട്. പ്രകൃതി പഠന ക്യാമ്പിന്റെ ഭാഗമായി വനാന്തര ഭാഗങ്ങളിലേയ്ക്ക് ട്രക്കിങ് നടത്തുന്നുണ്ട്.

(ബി) ഉണ്ട്. വനം വകുപ്പിലെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിലുള്ള ഫോറസ്റ്റ് ക്ലബ്ബുകളുമായി ചേർന്ന് പ്രകൃതി പഠന ക്ലാസ്സുകൾ സ്ലൈഡ് ഷോ, എക്സിബിഷൻ മുതലായവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വനം വകുപ്പിനു കീഴിലുള്ള സാമൂഹിക വനവൽക്കരണ വിഭാഗം വനവൽക്കരണത്തിന്റേയും മരങ്ങൾ നട്ടു വളർത്തുന്നതിന്റേയും പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സുകളും സ്ലൈഡ് ഷോകളും നടത്തുന്നുണ്ട്. വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം നടപ്പിലാക്കിയ എന്റെ മരം, നമ്മുടെ മരം തുടങ്ങിയ പദ്ധതികൾ മരങ്ങൾ സംരക്ഷിക്കേണ്ടതിന്റേയും നട്ടു വളർത്തുന്നതിന്റേയും ആവശ്യകത വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്.

ലാബിഷാസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ

118 (4470) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ലാബിഷാസ്" എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നത് ; ഇതിന്റെ പ്രവർത്തനം തുടങ്ങിയോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സ്ഥാപനം നിലവിൽ വന്നതിനുശേഷം ആകെ എത്ര തുക ഇതിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ഡി) വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി വിട്ടു നൽകിയിരുന്നോ ; എങ്കിൽ എത്ര വിസ്തൃതി ഭൂമി ; എവിടെയാണ് നൽകിയത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly